(ബി) മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുണ്ടെന്നറിയിക്കുമോ; പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ബാക്കിയുള്ള റോഡുകളുടെ വിവരം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു. നിലവിൽ ദേശീയപാത 66 ബി.എം & ബി.സി നിലവാരത്തിലാണ്.

(സി) പ്രസ്തുത റോഡുകൾ കൂടി ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ആലത്തൂർ മണ്ഡലത്തിലെ റോഡ് നിർമ്മാണം

43(2399) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് ബി.എം. & ബി.സി. നിലവാരത്തിൽ നിർമ്മാണം നടത്താനുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു.*

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ പ്രവൃത്തി ക്രമീകരിച്ചിട്ടില്ലാത്ത റോഡുകളുടെ ഭരണാനുമതി പ്രൊപ്പോസലുകൾ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് അനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മട്ടന്നൂർ മണ്ഡലത്തിലെ വട്ടോളി പുഴ അപ്രോച്ച് റോഡ്

44(2400) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാങ്ങാട്ടിടം-മാലൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വട്ടോളി പുഴ പാലം പണി പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അപ്രോച്ച് റോഡ് പൂർത്തീകരിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിലെ വട്ടോളി പാലത്തിന്റെ നിർമ്മാണം 80% പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി മാത്രമാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. തുടർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കി, അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ്

45(2401) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) ഏത് വർഷമാണ് ഏറ്റെടുത്തതെന്നും ഏറ്റെടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പൂർത്തിയായോ എന്നും വ്യക്തമാക്കുമോ?

പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പായത്താം വയൽ-കോയിപ്ര-ചെക്കിത്തോട് റോഡ് 15-1-2013-ലെ സ.ഉ(കൈ)നമ്പർ 6/2013/പി.ഡബ്ല്യു.ഡി ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ളതാണ്. നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

(സി) പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ കൂട്ടിച്ചേർത്തോ എന്ന് അറിയിക്കാമോ?

പ്രസ്തുത റോഡ് ആസ്തി രജിസ്റ്ററിൽ കൂട്ടിച്ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പാലാ റിവർവ്യൂ റോഡ്

46(2402) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ റിവർവ്യൂ റോഡിന്റെ പണി പൂർത്തീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly